"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - അക്കാദമികം (2019-20)- സംസ്ഥാനത്തെ ഹയർ സെക്കന്ററി ബാച്ചുകളുടെ ക്രമീകരണം - പഠിതാക്കൾ ഇല്ലാത്ത പന്ത്രണ്ട് ഹയർ സെക്കന്ററി ബാച്ചുകളെ മറ്റു ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

G.O.(Ms)No.129/2019/GEDN തീയതി,തിരുവനന്തപുരം, 24/08/2019

---

പരാമർശം:- 1. 27.05.2019-ലെ സ.ഉ(കൈ) നം. 49/2019/പൊവിവ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.08.2019, 06.08.2019, 16.08.2019 എന്നീ തീയതികളിലെ ഐസിറ്റി-സെൽ/1771/എച്ച്എസ്ഇ/2019 നമ്പർ കത്തുകൾ.

## ഉത്തരവ്

സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾ 2019-20 അധ്യയന വർഷം ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് പരാമർ ശം (1) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ (മുൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ) ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

(2) 2019-20 അധ്യയന വർഷത്തെ ഹയർ സെക്കന്ററി ഏകജാലക പ്രവേശന നടപടികൾ 2019 മെയ് 10-ന് ആരംഭിക്കുകയും മുഖ്യ ഘട്ടത്തിൽ രണ്ട് അലോട്ട്മെന്റുകളും തുടർന്ന് സ്കൂൾ /കോംബിനേഷൻ ട്രാൻസ്ഫറും മൂന്ന് സപ്ലിമെന്ററി അലോട്ട്മെന്റുകളും 30% മാർജിനൽ സീറ്റ് വർദ്ധനവോടുകൂടി പൂർത്തീകരിക്കുകയുണ്ടായി എന്നും പ്രവേശന നടപടികൾ ഇപ്രകാരം പൂർത്തീകരിക്കാറായപ്പോൾ ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടാത്ത ചില ഹയർ സെക്കന്ററി ബാച്ചുകൾ സർക്കാർ മേഖലയിലുണ്ടെന്നും ആയവ പുനഃക്രമീകരിക്കാമെന്നും പരാമർശം (2) കത്തുകൾ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷിച്ചിട്ടും നിരവധി വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്ത പല ഹയർ സെക്കന്ററി സ്കൂളുകളും സംസ്ഥാനത്തുള്ളപ്പോൾ ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടാത്ത ഹയർ സെക്കന്ററി ബാച്ചുകൾ നിലനിൽക്കുന്നത് ഗുണകരമല്ല. ടി ബാച്ചുകൾ പഠിതാക്കൾ ഇല്ലാത്ത സ്കൂളുകളിൽ നിന്നും മാറ്റി പഠിതാക്കൾ കൂടുതലുള്ള സ്കൂളുകളിലേയ്ക്ക് നൽകുന്നതു മുഖേന കൂടുതൽ കുട്ടികൾക്ക് ഏകജാലക പ്രവേശന പ്രക്രിയ മുഖേന പ്ലസ് വൺ കോഴ്സിന് സൗകര്യപ്രദമായ സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്ന സാഹചര്യം സംജാതമാകുമെന്നും സർക്കാർ കരുതുന്നു.

(4) മേൽ സാഹചര്യത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2)-ലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, 2019-20 അധ്യയന വർഷം ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടാത്ത താഴെപ്പറയുന്ന പന്ത്രണ്ട് ഹയർ സെക്കന്ററി ബാച്ചുകളെ അതാതിന് നേരേ ചേർത്തിട്ടുള്ള സ്കൂളുകളിലേക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം.<br>I | ബാച്ച് മാറ്റപ്പെടുന്ന സ്കൂൾ<br>II | മാറ്റപ്പെടുന്ന ബാച്ച്<br>III | ബാച്ച് ലഭിക്കുന്ന സ്കൂൾ<br>IV |
|---|---|---|---|
| 1 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം (1007) | സയൻസ് (കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, അരീക്കോട്, മലപ്പുറം (11019) |
| 2 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം (1007) | കൊമേഴ്സ് (കോഴ്സ് കോഡ് നം. 36) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കരുവാരക്കുണ്ട്, മലപ്പുറം (11027) |
| 3 | കണ്ണശ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കടപ്ര, പത്തനംതിട്ട (3005) | സയൻസ് (കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മക്കരപറമ്പ്, മലപ്പുറം. (11159) |
| 4 | ഇടമുറി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, റാന്നി, പത്തനംതിട്ട (3012) | സയൻസ് (കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പൂക്കോട്ടും പാടം, മലപ്പുറം (11017) |
| 5 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കിടങ്ങറ, ആലപ്പുഴ (4007) | സയൻസ് (കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മാറഞ്ചേരി, മലപ്പുറം. (11018) |
| 6 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, അങ്ങാടിക്കൽ സൗത്ത്, ചെങ്ങന്നൂർ, ആലപ്പുഴ (4017) | സയൻസ് (കോഴ്സ് കോഡ് നം.01) | ദേവധാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, താനൂർ, മലപ്പുറം. (11004) |
| 7 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, വട്ടവട, ഇടുക്കി. (6070) | സയൻസ് (കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പട്ടിക്കാട്, മലപ്പുറം. (11123) |
| 8 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, നാമക്കുഴി, പിറവം, എറണാകുളം (7009) | സയൻസ് (കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, എടപ്പാൾ, മലപ്പുറം. (11021) |

| | | | |
|---|---|---|---|
| 9 | ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, നാട്ടിക, തൃശ്ശൂർ. (8009) | സയൻസ്<br>(കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കുറ്റിപ്പുറം, മലപ്പുറം. (11034) |
| 10 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, ചുഴലി, കണ്ണൂർ (13033) | സയൻസ്<br>(കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, ചന്ദ്രഗിരി, കാസറഗോഡ്. (14055) |
| 11 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മാലോത്ത് കസബ, കാസറഗോഡ് (14010) | സയൻസ്<br>(കോഴ്സ് കോഡ് നം.01) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പെരിയ, കാസറഗോഡ്. (14059) |
| 12 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പാണ്ടി, കാസറഗോഡ് (14101) | ഹ്യുമാനിറ്റീസ്<br>(കോഴ്സ് കോഡ് നം.11) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കണിയാമ്പറ്റ, വയനാട് (12001) |

(5) <u>നിബന്ധനകൾ:</u>

i. ടി ബാച്ചുമാറ്റം താൽക്കാലികമായിരിക്കും. ബാച്ചുകൾ മാറ്റപ്പെടുന്ന സ്കൂളുകളിൽ അടുത്ത രണ്ട് വർഷങ്ങളിൽ ഒരു ബാച്ചിൽ താഴെയുള്ള വിദ്യാർത്ഥികളാണ് പ്രവേശനം നേടുന്നതെങ്കിൽ ടി ബാച്ചുമാറ്റം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

ii. മാറ്റപ്പെടുന്ന ബാച്ചുകളില്ലുള്ള സ്കൂളുകളിലെ അധ്യാപക തസ്തികകൾ പുനഃനിർണ്ണയം ചെയ്ത്, അധിക തസ്തികകൾ, ബാച്ചുകൾ ലഭിക്കുന്ന (മുൻ ഖണ്ഡികയിലെ പട്ടികയുടെ കോളം IV-ലെ) സ്കൂളുകളിലേയ്ക്ക് അനുവദിക്കേണ്ടതാണ്. അപ്രകാരം അധ്യാപക തസ്തികകൾ ക്രമീകരിച്ച ശേഷവും അധ്യാപകരുടെ കുറവുണ്ടെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കേണ്ടതാണ്.

iii. മേൽ വ്യവസ്ഥപ്രകാരം അധ്യാപക തസ്തികകൾ ക്രമീകരിക്കുമ്പോൾ അധ്യാപകരുടെ എണ്ണം കൂടുതലാണെങ്കിൽ അവരെ മാതൃസ്കൂളിൽ (മുൻ ഖണ്ഡികയിലെ പട്ടികയുടെ കോളം II-ൽ) നിലനിർത്തി വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

iv. ഇപ്രകാരം മാറ്റുന്ന ബാച്ചുകളിലേയ്ക്ക് 2019-20അധ്യയന വർഷം ഏകജാലക സംവിധാനം വഴി സ്കൂൾ മാറ്റം അനുവദിക്കേണ്ടതും തുടർന്നുള്ള ഒഴിവുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തേണ്ടതുമാണ്. തുടർ വർഷങ്ങളിൽ ടി ബാച്ചുകളെ ഏകജാലക പ്രവേശന പ്രക്രിയയുടെ ആദ്യഘട്ടം മുതൽ തന്നെ ഉൾപ്പെടുത്തി പ്രവേശനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, (വെബ് & ന്യൂ മീഡിയ)/(പ്രസ് റിലീസ്), വിവര പൊതുജനസമ്പർക്ക വകുപ്പ്.

ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർ (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പൊതുവിദ്യാഭ്യാസ (റ്റി/എസ്.സി) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്